>> പ്രതികരണം

● ശൈഖ് മുഹമ്മദ് കാരകുന്ന്

# കമ്യൂണിസത്തിന്റെ മുതലാളിത്തവല്‍ക്കരണം, അനിവാര്യമായ പരിണാമം

●

മനുഷ്യന്‍, പ്രപഞ്ചം, ജീവിതം, ജീവിതലക്ഷ്യം, ധാര്‍മികമൂല്യങ്ങള്‍, ജീവിതരീതി പോലുള്ള മൗലിക വിഷയങ്ങളിലെല്ലാം മുതലാളിത്തവും കമ്യൂണിസവും ഒരേ കാഴ്ചപ്പാടാണ് വെച്ചുപുലര്‍ത്തുന്നത്. രണ്ടും തീര്‍ത്തും ഭൗതികവ്യവസ്ഥകളാണെന്നതാണ് ഇതിനു കാരണം.

**മുതലാളിത്തത്തിനെതിരെ** രംഗത്തു വന്ന അതിശക്തമായ ഭൗതിക പ്രത്യയ ശാസ്ത്രമാണ് കമ്യൂണിസം. ക്രൂരമായ ചൂഷണത്തിനും നീതിനിഷേധത്തിനും ഇരയായിക്കൊണ്ടിരുന്ന പീഡിത കോടികളില്‍ അത് വമ്പിച്ച പ്രതീക്ഷയുണര്‍ത്തി. പട്ടിണികൊണ്ട് പൊറുതിമുട്ടിയ ജനകോടികള്‍ അതില്‍ അണിനിരന്നു. മതവിശ്വാസികള്‍ മരണശേഷം കിട്ടണമെന്ന് കൊതിക്കുന്ന സ്വര്‍ഗം ഭൂമിയില്‍തന്നെ പുലരുമെന്ന് അവര്‍ പ്രതീക്ഷിച്ചു. വര്‍ഗരഹിതവും ചൂഷണമുക്തവുമായ ലോകം സ്വപ്നം കണ്ടു. കമ്യൂണിസത്തിന്റെ വാഗ്ദാനത്തില്‍ വിശ്വസിച്ചും ആഹ്വാനം കേട്ടും വിപ്ലവ പാതയില്‍ ചെങ്കൊടിയേന്തി അധ്വാനിക്കുന്ന തൊഴിലാളി വര്‍ഗത്തിന്റെ അപ്രതിരോധ്യമായ മുന്നേറ്റത്തില്‍ ജന്മിമാരുടെ കോട്ടകളും പ്രഭുക്കളുടെ കൊട്ടാരങ്ങളും ഞെട്ടിവിറച്ചു. ഭദ്രമെന്ന് കരുതപ്പെട്ടിരുന്ന പല ഭരണകൂടങ്ങളും ആടിയുലഞ്ഞു. അവയില്‍ പലതും നിലംപൊത്തി. നിരവധി രാജ്യങ്ങളില്‍ കമ്യൂണിസത്തിന്റെ ചുവന്ന നക്ഷത്രമുദിച്ചു. സോഷ്യലിസ്റ്റ് ഭരണകൂടങ്ങള്‍ രൂപം കൊണ്ടു.

1917 ലെ ഒക്ടോബര്‍ വിപ്ലവത്തോടെ രൂപംകൊണ്ട സോവിയറ്റ് യൂനിയനായിരുന്നു മുന്നണിയില്‍. ചൈന, വിയറ്റ്നാം, ചെക്കോസ്ലോവാക്യ, കിഴക്കന്‍ ജര്‍മനി, ഹങ്കറി, ക്യൂബ തുടങ്ങി ഒട്ടേറെ നാടുകള്‍ കമ്യൂണിസത്തിന്റെ കാല്‍ചുവട്ടിലായി. ഏതാനും പതിറ്റാണ്ടുകള്‍ അവര്‍ സോഷ്യലിസത്തിന്റെ ചുവന്ന പാതയിലൂടെ മുന്നോട്ടു നീങ്ങി. എന്നാല്‍ അവയുടെ പ്രയാണം കമ്യൂണിസത്തിലേക്കായിരുന്നില്ല, നേരത്തെ തള്ളിപ്പറഞ്ഞ മുതലാളിത്തത്തിലേക്കായിരുന്നു. ഭരണകൂടങ്ങള്‍ കൊഴിഞ്ഞുവീണ് വര്‍ഗരഹിതസമൂഹം രൂപം കൊള്ളുകയായിരുന്നില്ല. പകരം അവ ഏകാധിപത്യസ്വഭാവം സ്വീകരിക്കുകയും സര്‍വാധിപത്യ പ്രവണത പ്രകടിപ്പിക്കുകയുമായിരുന്നു. അങ്ങനെ സോഷ്യലിസ്റ്റ് സ്വര്‍ഗത്തിലെ ഭരണാധികാരികള്‍ പഴയ മുതലാളിത്ത നാടുകളിലെ ഭരണാധികാരികളേക്കാള്‍ ജനവിരുദ്ധരായി മാറി. അക്കാരണത്താല്‍ മുതലാളിത്തത്തിനെതിരെ അണിനിരന്നവരും അവരുടെ പിന്മുറക്കാരും ചെങ്കൊടി ചുരുട്ടിക്കെട്ടി അവര്‍ക്കെതിരെ അണിനിരന്നു. ആ ജനരോഷത്തില്‍ കമ്യൂണിസ്റ്റ് ഭരണകൂടങ്ങള്‍ ഒന്നൊന്നായി കടപുഴകി നിലം പൊത്തി. തുടക്കം പോലെ ഒടുക്കത്തിന്റെ തുടക്കവും റഷ്യയില്‍നിന്നു തന്നെയായിരുന്നു. അവശേഷിക്കുന്ന കമ്യൂണിസ്റ്റ് ഭരണകൂടങ്ങള്‍ പോലും സോഷ്യലിസ്റ്റ് പാത കൈയൊഴിച്ച് മുതലാളിത്ത പാത സ്വീകരിച്ചു. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ കമ്യൂണിസ്റ്റ് രാജ്യമായ ചൈന എല്ലാ രംഗത്തും നടപ്പാക്കിക്കൊണ്ടിരിക്കുന്നത് മുതലാളിത്തവ്യവസ്ഥയാണ്. ദീര്‍ഘകാലം പിടിച്ചു നിന്ന നമ്മുടെ നാട്ടിലെ മുഖ്യധാര കമ്യൂണിസ്റ്റ് പാര്‍ട്ടികളും ഇപ്പോള്‍ മുതലാളിത്ത പാതയിലാണ്. ഇന്നത്തെ ലോകത്ത് മുതലാളിത്തം സ്വീകരിക്കാതെ രക്ഷയില്ലെന്ന് തുറന്നു പറയാന്‍ വരെ നേതാക്കള്‍ സന്നദ്ധരായിരിക്കുന്നു. ഇത്ര പെട്ടെന്ന് കമ്യൂണിസം മുതലാളിത്തവല്‍ക്കരിക്കപ്പെടാന്‍ കാരണമെന്തെന്ന ചോദ്യം ഏറെ പ്രസക്തവും പരിശോധനാര്‍ഹവുമാണ്.

### ഒരേ നാണയത്തിന്റെ രണ്ടു വശങ്ങള്‍

മനുഷ്യന്‍, പ്രപഞ്ചം, ജീവിതം, ജീവിതലക്ഷ്യം, ധാര്‍മികമൂല്യങ്ങള്‍, ജീവിതരീതി പോലുള്ള മൗലിക വിഷയങ്ങളിലെല്ലാം മുതലാളിത്തവും കമ്യൂണിസവും ഒരേ കാഴ്ചപ്പാടാണ് വെച്ചുപുലര്‍ത്തുന്നത്. രണ്ടും തീര്‍ത്തും ഭൗതികവ്യവസ്ഥകളാണെന്നതാണ് ഇതിനു കാരണം.

ഇരു വ്യവസ്ഥകളിലും മനുഷ്യന്‍ ഇതര ജീവജാലങ്ങളുടെ തുടര്‍ച്ചയും പകര്‍ച്ചയുമാണ്. പരിണാമത്തിലൂടെ പരിഷ്കരിച്ച ജന്തു. അതിനാല്‍ രണ്ടും ശരീരപ്രധാനമാണ്. മനസ്സ് കായികവൃത്തികളുടെ അനുബന്ധം മാത്രം. ആത്മാവോ തീര്‍ത്തും അപ്രസക്തവും.

എച്ച്. ബെര്‍ എഴുതുന്നു: 'മനുഷ്യന്റെ കരങ്ങളാണ് അവന്റെ മനസ്സും ബന്ധിയായ വികാസത്തിന് ഹേതുവും പ്രോത്സാഹനവും നല്‍കുന്നത്.' (മോര്‍ഗന്റെ Humanite prehistorique-യുടെആമുഖത്തില്‍ നിന്ന്) ഇതേ ആശയം ഫെഡറിക് ഏംഗല്‍സ് ഇങ്ങനെ വിശദീകരിക്കുന്നു: 'കൈ ജോലി ചെയ്യാനുള്ള ഒരു ആയുധമല്ല. അത് ജോലിയുടെ ഒരു ഉല്‍പന്നം കൂടിയാണ്. ജോലിയിലൂടെ മനുഷ്യന്റെ കൈ വന്‍ തോതിലുള്ള പൂര്‍ണതനേടി. അതിന് റാഫേലിന്റെ ചിത്രങ്ങളും താര്‍വാട്സെന്റെ ശില്പങ്ങളും പഗാനിയുടെ സംഗീതവും രചിക്കാന്‍ സാധിച്ചു.

മനുഷ്യനെ തന്നെ തൊഴിലിന്റെ ഉല്‍പന്നമായാണ് ഏംഗല്‍സ് കാണുന്നത്. "മനുഷ്യന്‍ അവന്റെ പരിതോവസ്ഥയുടെയും ജോലിയുടെയും ഉല്‍പന്നമാണ്" (*ഇസ്‌ലാം രാജമാര്‍ഗം*, പേജ്: 23).

കേരളത്തിലെ കമ്യൂണിസ്റ്റ് സുഹൃത്തുക്കള്‍ അത് ഒന്നുകൂടി വിശദീകരിച്ചു. അത

നുസരിച്ച് നമ്മുടെ പൂർവികർ വനാന്തരങ്ങളിൽ ഓടിച്ചാടി നടക്കുന്ന വാനരന്മാരായിരുന്നു. അവിടെയുള്ള പഴങ്ങൾ പറിച്ചു തിന്നാണ് ജീവിച്ചിരുന്നത്. പഴം തീർന്നപ്പോൾ കായ്കനികൾ കഴിക്കാൻ തുടങ്ങി. മരക്കൊമ്പുകളിലെ പഴം തച്ചു വീഴ്ത്താനും എറിയാനുമായി കാലുകൾ ഉപയോഗിച്ചപ്പോൾ ക്രമേണ അവ കൈകാലുകളായി മാറി. വാൽ അറ്റുപോവുകയും താടിയെല്ലുവളരുകയും നട്ടെല്ല് നിവരുകയും രോമം കൊഴിഞ്ഞുപോവുകയും ചെയ്തു. അങ്ങനെ വാനരൻ നരനായി മാറി. (ചിന്ത പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച *ബാലസംഘം എന്ത്? എന്തിന്?* പേജ്. 122,123).

ഭൗതികദാർശനികനായ ജോൺ വാട്സൺ എഴുതുന്നു: 'മനുഷ്യനെയും ക്രൂരമൃഗത്തെയും വേർതിരിക്കുന്ന അതിർവരമ്പില്ല' (Psychological Review വാഷിംഗ്ടൺ. ലക്കം: 20 പേജ്: 158).

## ജീവിതലക്ഷ്യം

മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും കാഴ്ചപ്പാടിൽ ജീവിതം ജനനത്തോടെ ആരംഭിച്ച് മരണത്തോടെ ഒടുങ്ങുന്നതാണ്. ഭൗതികതയുടെ വീക്ഷണം എന്നും ഇതുതന്നെയായിരുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച ജനതയുടെ വാദം ഖുർആൻ ഇങ്ങനെ ഉദ്ധരിക്കുന്നു: 'അവർ പറഞ്ഞുകൊണ്ടിരിക്കുന്നു: നമ്മുടെ ഈ ഐഹികജീവിതമല്ലാതെ വേറൊരു ജീവിതമില്ല. നാമൊരിക്കലും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയില്ല'(6:29).

'നമ്മുടെ ഈ ഐഹികജീവിതമല്ലാതെ വേറെ ജീവിതമില്ല. നാം ജീവിക്കുന്നു. മരിക്കുന്നു. നാമൊരിക്കലും ഉയിർത്തെഴുനേൽപിക്കപ്പെടുകയില്ല' (23:37).

അതിനാൽ എക്കാലത്തും എല്ലാ ഭൗതിക ജീവിത വീക്ഷണങ്ങളിലും ലക്ഷ്യം ഒന്നുതന്നെയായിരുന്നു. കിരാതനായ കാട്ടറബി പാടി:

'ഇന്നമദ്ദുൻയാ ത്വആമുൻ വശറാബുൻ വമനാമു......

ഫഇദാ ഫാതക ഹാദ ഫഅലാ ദുൻയാ സലാമു.'

-ഈ ലോക ജീവിതമെന്നാൽ തീനും കുടിയും ഉറക്കവുമാണ്. അതൊക്കെയും നിനക്ക് നഷ്ടമായാൽ മരണമാണ് ഭേദം-

മുതലാളിത്തത്തിലും കമ്യൂണിസത്തിലും ജീവിതലക്ഷ്യം അതിനെ പരമാവധി ആസ്വാദ്യകരമാക്കലാണ്. തിന്നുക, കുടിക്കുക, സുഖിക്കുക, ഉല്ലസിക്കുക പോലുള്ളവയിൽ പരിമിതമാണത്. പ്രമുഖ ഭൗതിക ദാർശനികൻ ആൾഡസ് വാക്സലെ പറഞ്ഞു: 'നിങ്ങൾക്ക് ഇന്ന് ആസ്വദിക്കാനും അനുഭവിക്കാനും കഴിയുന്ന ഒരാനന്ദവും ഒരു കാരണവശാലും നാളേക്കു മാറ്റിവെക്കരുത്.'

സ്വിസ്സ് ചിന്തകൻ കാർജോസ്പേർഡ് എഴുതി: 'ജീവിതപാതയിൽ സ്ഥായിത്വം നൽകുന്ന ഒന്നേയുള്ളൂ. അത്യന്താനുഭൂതി യാണത്.'

ജീവിതം മരണത്തോടെ അവസാനിക്കുമെന്ന് വിശ്വസിക്കുന്നവനെ സംബന്ധിച്ചേടത്തോളം ക്ഷണികമായ ഐഹിക ജീവിതം എങ്ങനെയും പരമാവധി ആസ്വദിക്കലാണല്ലോ യുക്തി. അതിനുള്ള അവസരം പാഴാക്കുന്നത് വമ്പിച്ച നഷ്ടവും, വിഢിത്തവും.

## മൂല്യനിരാസം

മുതലാളിത്തത്തിൽ ദൈവവും പൂജാവസ്തുവുമെല്ലാം പണമാണ്. അതിന്റെ മതം കച്ചവടമാണ്. ആരാധനാലയം കമ്പോളവും. ലാഭം അനുവദനീയവും നഷ്ടം നിഷിദ്ധവുമാണ്. കൂട്ടിക്കിഴിച്ച് വരവ് ചെലവും നഷ്ട-ശിഷ്ടങ്ങളും നോക്കിയാണ് അതിലെല്ലാം തീരുമാനിക്കപ്പെടുന്നത്. ലാഭ നഷ്ടങ്ങൾക്കപ്പുറം മുതലാളിത്തത്തിൽ നന്മ തിന്മകളില്ല. ശരി തെറ്റുകളുമില്ല.

കമ്യൂണിസത്തിൽ എല്ലാവിധ മൂല്യങ്ങളും ധർമസംഹിതകളും നീതിന്യായങ്ങളും സാമൂഹ്യവ്യവസ്ഥയുടെയും സാമ്പത്തിക ഘടനയുടെയും സൃഷ്ടിയാണ്. അതുകൊണ്ടുതന്നെ മുതലാളിത്ത, കമ്യൂണിസ്റ്റ് വ്യവസ്ഥകളിൽ ശാശ്വത മൂല്യങ്ങളോ നന്മ തിന്മകളോ ധർമാധർമങ്ങളോ ഇല്ല.

ഏണെസ്റ്റ് ഹെമിംഗ്വെ പറയുന്നു: 'ക്രിയക്കുശേഷം നല്ലതെന്ന് തോന്നുന്നത് സദാചാരം. ചീത്തയെന്ന് തോന്നുന്നത് ദുരാചാരം.'

ആധുനിക മനശ്ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന സിഗ്മണ്ട് ഫ്രോയിഡ് എഴുതുന്നു: 'മനുഷ്യന്റെ ജന്മവാസനകൾക്ക് തഴച്ചുവളരാൻ തടസ്സം നിൽക്കുന്ന മൂല്യസങ്കല്പങ്ങളും സാമൂഹ്യസമ്മർദ്ദങ്ങളുമാണ് എല്ലാ ദുരിതങ്ങളുടെയും അടിസ്ഥാന കാരണം.'

'നന്മയെന്നത് ഒരു വെറും പേരുമാത്രമാണെന്ന്' നിക്കോളോ മാക്യമല്ലി അവകാശപ്പെടുന്നു. 'ദൈവം ഇല്ല. അതുകൊണ്ട് എല്ലാം അനുവദനീയമാണ്' വാദിക്കാനും അദ്ദേഹം സന്നദ്ധനായി.

'മാതാപിതാക്കളും ഗുരുവര്യന്മാരുമാണ് നമ്മുടെ ഏറ്റവും വലിയ ശത്രുക്കൾ' എന്ന് വിഖ്യാത ജർമൻ ചിന്തകനായ കാന്റ് വിധിയെഴുതുന്നു. മനുഷ്യന്റെ മുമ്പിൽ അരുതുകളുടെയും പാടില്ലകളുടെയും പട്ടികനിരത്താറുള്ളത് മാതാപിതാക്കളും അധ്യാപകരുമാണല്ലോ.

മൂല്യ നിരാസത്തിന്റെ മുദ്രയണിഞ്ഞ ഇടതുപക്ഷ കവി പാടുന്നു:

'സത്യമെന്നൊന്നില്ലല്ലോ
മിഥ്യയാണെല്ലാം വെറും
മർത്ത്യ ഭാവനയുടെ
സ്വപ്നവും സങ്കല്പവും.'

## വിപ്ലവത്തിന്റെ രീതിശാസ്ത്രം

മനുഷ്യമനസ്സ് അലയൊടുങ്ങാത്ത ആഴിപോലെയാണ്. ഓരോ തിരയും തീരം തല്ലി തകരുമ്പോഴേക്കും പുതിയവ പിറവിയെടുക്കുന്നു. മനസ്സിന്റെ ഓരോ മോഹവും സാക്ഷാൽക്കരിക്കപ്പെടുന്നതോടെ പുതിയവ രൂപംകൊള്ളുന്നു. അതിനാൽ മനസ്സിൽ മോഹമടങ്ങിയ നേരമില്ല. മുതലാളിത്തം മനുഷ്യന്റെ ഈ പ്രകൃതത്തെ പരമാവധി ഉത്തേജിപ്പിക്കുന്നു. ഉപഭോഗ തൃഷ്ണയെ വളർത്തുന്നു. അങ്ങനെ മനുഷ്യനെ അതിരുകളില്ലാത്ത മോഹങ്ങളുടെയും അറ്റമില്ലാത്ത ആഗ്രഹങ്ങളുടെയും അടിമയാക്കുന്നു. കാണുന്നതൊക്കെ കൊതിക്കുകയും കിട്ടിയതൊക്കെ കെട്ടിപ്പൂട്ടി വെക്കുകയും ചെയ്യുന്ന സ്വാർത്ഥമൂർത്തിയാക്കി മാറ്റുന്നു.

ഇസ്‌ലാമിനെപ്പോലെ മോഹങ്ങളെ മെരുക്കിയെടുക്കാനോ ആഗ്രഹങ്ങളെ നിയന്ത്രിക്കാനോ ഇഛകളുടെമേൽ മേധാവിത്വം പുലർത്താനോ കമ്യൂണിസം ആവശ്യപ്പെടുന്നില്ല. അതുകൊണ്ടുതന്നെ മുതലാളിത്തത്തിലെന്നപോലെ കമ്യൂണിസത്തിലും മനുഷ്യൻ ആർത്തിയുടെ മൂർത്തിയായിത്തീരുന്നു. ആത്മസംയമനവും ഉപഭോഗ നിയന്ത്രണവും ശീലിപ്പിക്കുന്ന ഒന്നും കമ്യൂണിസം മുന്നോട്ടുവെക്കുന്നില്ല. എന്നല്ല; അതും മുതലാളിത്തത്തെപ്പോലെതന്നെ സുഖഭോഗ തൃഷ്ണയാണ് വളർത്തുന്നത്.

കമ്യൂണിസം സംസാരിക്കുന്നത് മർദ്ദിതനോടും ദരിദ്രനോടും തൊഴിലാളിയോടുമാണ്. അതവരിൽ മുതലാളിയോട് അസൂയയും പകയും വിദ്വേഷവുമാണ് വളർത്തുന്നത്. മുതലാളിമാർ കൈയടക്കിവെച്ചത് സ്വന്തമാക്കാനാണ് അവരോടാവശ്യപ്പെടുന്നത്. ഇന്ന് മുതലാളിയുടെ വശമുള്ളത് തൊഴിലാളിയുടേതാണെന്ന് അവനോടു പറയുകയും അത് നേടിയെടു

ക്കാൻ അവനോടാവശ്യപ്പെടുകയും ചെയ്യുന്നു. വിപ്ലവത്തിലൂടെ തൊഴിലാളികൾ പഴയ മുതലാളിമാരുടെ സ്ഥാനത്തെത്തിയപ്പോൾ അവരെക്കാൾ കൊള്ളരുതാത്തവരാകാനുള്ള കാരണവും അതുതന്നെ.

മുതലാളിമാരുടെ വശമുള്ളത് തങ്ങളുടേതാണെന്ന് വിശ്വസിച്ചും വാദിച്ചും നേടാൻ ശ്രമിച്ച തൊഴിലാളികൾക്ക് അതു ലഭിച്ചപ്പോൾ നേരത്തെ അവ കൈവശം വെച്ചിരുന്നവരെക്കാൾ അക്രമികളും മർദ്ദകരും ധൂർത്തരുമാവുകയാണുണ്ടായത്. ഭരണാധികാരികളുടെ സ്ഥിതിയും ഭിന്നമല്ല. സോവിയറ്റ് യൂനിയനിലെ സ്റ്റാലിനും ബ്രഷ്നേവും ചെക്കോസ്ലോവാക്കിയയിലെ മിലോസ് ജേക്സും ഹങ്കറിയിലെ ജനോസ്കദാറും കിഴക്കൻ ജർമനിയിലെ എറിക് ഹോണേക്കറും റുമാനിയയിലെ നിക്കളസ് ചെഷസ്ക്യൂവും ഭാര്യ എലീനയുമൊക്കെ തങ്ങളുടെ നാടുകളിലെ മുൻഭരണാധികാരികളെക്കാൾ ആഡംബരത്തിലും ധൂർത്തിലും ഒട്ടും പിറകിലായിരുന്നില്ല. നമ്മുടെ നാട്ടിലെ കമ്യൂണിസ്റ്റ് പാർട്ടി നേതാക്കളും ഇതര രാഷ്ട്രീയ പാർട്ടി നേതാക്കളും തമ്മിലുള്ള അന്തരം സുഖലോലുപതയുടെയും ധൂർത്തിന്റെയും കാര്യത്തിലെന്നപോലെ അഴിമതിയിലും തീരെ ഇല്ലാതാവുകയോ വളരെ നേർത്തു വരികയോ ചെയ്തിട്ടുണ്ടെന്ന വസ്തുത അനിഷേധ്യമത്രെ. കട്ടൻ ചായയും പരിപ്പുവടയും കഴിക്കുന്നത് മോശവും പരിഹാസ്യവുമാണെന്നത് കമ്യൂണിസ്റ്റുകാരുടെ പൊതുബോധമായി മാറിയിരിക്കുന്നു. അത്തരം പരാമർശം നേതാക്കൾക്ക് നിസ്സങ്കോചം നടത്താൻ സാധിക്കുന്നത് അതിന്നാലാണല്ലോ.

### സാമ്പത്തിക സമീപനം

മുതലാളിത്തവും കമ്യൂണിസവും തമ്മിൽ വ്യക്തമായ അന്തരവും വൈരുധ്യവുമുള്ളത് സാമ്പത്തിക വ്യവസ്ഥയിലാണ്.മുതലാളിത്തം തീർത്തും സ്വകാര്യ ഉടമസ്ഥതയിലധിഷ്ഠിതമാണ്. അത് സാമ്പത്തിക മേഖലയിൽ അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്നു. അതിനാൽ എവിടെയും എപ്പോഴും സമ്പദ്ഘടനയെ രൂപപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതും മൂലധനശക്തികളായിരിക്കും.

എന്നാൽ കമ്യൂണിസം സ്വകാര്യ ഉടമാവകാശത്തെ പൂർണമായും നിരാകരിക്കുന്നു. അത് സാമൂഹിക ഉടമാവകാശത്തിലധിഷ്ഠിതമാണ്. ഓരോരുത്തരും കഴിവനുസരിച്ച് ജോലി ചെയ്യുക; അങ്ങനെ എല്ലാവരും തങ്ങളുടെ കഴിവുകൾ സമൂഹത്തിനായി സമർപ്പിക്കുക; ഓരോരുത്തർക്കും ആവശ്യമുള്ളതൊക്കെ സമൂഹം നൽകുക എന്ന ആകർഷകമായ ആശയം അത് മുന്നോട്ടുവെച്ചു. എന്നാൽ ഇത് തീർത്തും യുട്ടോപ്പിയനാണെന്ന് ബോധ്യപ്പെടാൻ ഏറെക്കാലം വേണ്ടി വന്നില്ല. സ്വകാര്യസ്വത്തിന്റെ നിരാസം പ്രകൃതി വിരുദ്ധമാണ്. അതിൽ കർമചോദനയില്ല. മനുഷ്യനെയും ജീവിതത്തെയും സംബന്ധിച്ച കാഴ്ചപ്പാട് തീർത്തും ഭൗതികവും മുതലാളിത്തത്തിന്റേതിൽനിന്ന് ഒട്ടും വ്യത്യസ്തവുമല്ലാത്തതിനാൽ സാമൂഹിക പ്രതിബദ്ധതയും മറ്റുള്ളവർക്കുവേണ്ടി തൊഴിലെടുക്കാനുള്ള പ്രേരണയും കമ്യൂണിസത്തിലില്ല. അതുകൊണ്ടുതന്നെ കമ്യൂണിസ്റ്റ് വിപ്ലവത്തിലൂടെ സോഷ്യലിസത്തിലേക്കു കടന്നുചെന്ന എല്ലാ നാടുകളിലും കടുത്ത സാമ്പത്തിക മാന്ദ്യവും ഉൽപാദനക്കുറവും വിഭവക്കമ്മിയും അനുഭവപ്പെട്ടു. അവയൊക്കെയും മുതലാ

●

മനുഷ്യന്റെ പെരുമാറ്റങ്ങൾ പ്രകൃതി നിർധാരണത്തിലൂടെയാണ് അതിജീവിക്കുന്നതെന്നും നിലനില്പിന്നു വേണ്ടിയുള്ള സമരമാണ് അതിന്റെ അടിസ്ഥാനമെന്നും അർഹതയുള്ളതാണ് അതിജയിക്കുകയെന്നുമുള്ള പ്രപഞ്ചവീക്ഷണത്തിലിധിഷ്ഠിതമായ കമ്യൂണിസത്തിന് മൂലധന കേന്ദ്രീകരണത്തെയും കുത്തകവൽക്കരണത്തെയും സാമ്പത്തികശക്തികളുടെ മേധാവിത്തത്തെയും നേരിടാനോ ഇല്ലാതാക്കാനോ സാധ്യമല്ല.

●

ളിത്തത്തിലേക്ക് തിരിഞ്ഞുനടക്കാനും തുടങ്ങി.

കമ്യൂണിസത്തോട് പേരിൽ ഇനിയും വിട പറഞ്ഞിട്ടില്ലാത്ത സോഷ്യലിസ്റ്റ് നാടുകൾ മുതലാളിത്തപരമായ സ്വകാര്യവൽക്കരണത്തെയും ഉദാരവൽക്കരണത്തെയും ഇരുകൈയും നീട്ടി സ്വീകരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവർ സ്വദേശമൂലധനത്തെ മാത്രമല്ല വിദേശമൂലധനത്തെയും സ്വാഗതം ചെയ്യുന്നു. അതോടെ മുതലാളിത്തത്തിൽനിന്ന് കമ്യൂണിസത്തെ വേർതിരിച്ചിരുന്ന സാമ്പത്തികരംഗത്തെ വ്യത്യാസവും ഇല്ലാതായി. മനുഷ്യനെയും പ്രപഞ്ചത്തെയും ജീവിതത്തെയും മൂല്യബോധത്തെയും സംബന്ധിച്ച വീക്ഷണം നേരത്തെതന്നെ ഒന്നായിരുന്നുവല്ലോ. യഥാർഥത്തിൽ അത്തരം കാര്യങ്ങളിലെ യോജിപ്പുതന്നെയാണ് സാമ്പത്തികവ്യവസ്ഥയിലെ വ്യത്യാസം ഇല്ലാതാക്കാനും കാരണമായത്. ആർത്തിയെ തടയാനോ മോഹങ്ങളെ നിയന്ത്രിക്കാനോ സഹായകമായ ഒന്നും മതത്തിലെ ദൈവവിശ്വാസവും പരലോകബോധവും പോലെ കമ്യൂണിസത്തിലില്ലാത്തേടത്തോളം കാലം അതിന്റെ മുതലാളിത്തവൽക്കരണത്തെ തടയാനാർക്കും സാധ്യമല്ല.

മനുഷ്യന്റെ പെരുമാറ്റങ്ങൾ പ്രകൃതി നിർധാരണത്തിലൂടെയാണ് അതിജീവിക്കുന്നതെന്നും നിലനിൽപിനുവേണ്ടിയുള്ള സമരമാണ് അതിന്റെ അടിസ്ഥാനമെന്നും അർഹതയുള്ളതാണ് അതിജീവിക്കുകയെന്നുമുള്ള പ്രപഞ്ചവീക്ഷണത്തിലിധിഷ്ഠിതമായ കമ്യൂണിസത്തിന് മൂലധന കേന്ദ്രീകരണത്തെയും കുത്തകവൽക്കരണത്തെയും സാമ്പത്തികശക്തികളുടെ മേധാവിത്വത്തെയും നേരിടാനോ ഇല്ലാതാക്കാനോ സാധ്യമല്ല. അതുകൊണ്ടുതന്നെ കമ്യൂണിസത്തിന്റെ മുതലാളിത്തവൽക്കരണം മനുഷ്യനെയും പ്രപഞ്ചത്തെയും ജീവിതത്തെയും സംബന്ധിച്ച അതിന്റെ കാഴ്ചപ്പാടിന്റെ അനിവാര്യതയത്രെ. ■